(ഡി) അതോടൊപ്പം പരിഗണനയിലെടുത്ത പൂവാർ സ്റ്റേഷൻ എന്നാണ് ആരംഭിച്ചത്;

(ഇ) ആ വർഷത്തിൽ മാരായമുട്ടം ചാർജിംഗ് സ്റ്റേഷൻ തുടങ്ങാൻ അനുമതി നൽകിയിരുന്നോ;

(എഫ്) മാരായമുട്ടം ചാർജിംഗ് സ്റ്റേഷൻ ഇതുവരെ പണി തുടങ്ങാതിരിക്കുന്നത് എന്തുകൊണ്ട്;

(ജി) മാരായമുട്ടത്ത് അതു തുടങ്ങാൻ കാലതാമസമുണ്ടെങ്കിൽ ആര്യൻകോട് ഔട്ട്പോസ്റ്റ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ ചാർജിംഗ് സ്റ്റേഷൻ ഉടൻതന്നെ തുടങ്ങാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി) 1,45,000.

(സി) 1973-ൽ.

(ഡി) പൂവാർ പോലീസ് സ്റ്റേഷൻ 1969-ൽ ആണ് സ്ഥാപിച്ചത്.

(ഇ) ഇല്ല.

(എഫ്) സാമ്പത്തിക പരിമിതികളും മൂലമാണ് മാരായമുട്ടത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കാതിരിക്കുന്നത്.

(ജി) നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

ഫുട്പാത്തിലിട്ട് ടില്ലർ റിപ്പയറിംഗ് നടത്തുന്നതുമൂലം കാൽനടക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട്

888 [1644] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് വഴുതക്കാട് ഗണപതി കോവിലിനു പടിഞ്ഞാറുവശമുള്ള ഒരു ടില്ലർ വർക്കുഷോപ്പ്, ഫുട്പാത്തിലിട്ട് ടില്ലർ റിപ്പയറിംഗ് നടത്തുന്നതുമൂലം കാൽനടത്തക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്.

കേരളാ പോലീസ് ഭവനനിർമ്മാണ സഹകരണസംഘം

889 [1645] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് ഭവനനിർമ്മാണ സഹകരണസംഘം എന്നാണ് രജിസ്റ്റർ ചെയ്തത്;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെ ആകെ എത്ര അംഗങ്ങൾ അതിൽ ചേർന്നിട്ടുണ്ട്; ഷെയർ ഇനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(സി) 1980-81-ൽ എത്രപേർക്ക് വീടുവയ്ക്കാൻ വായ്പ കൊടുക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്;

(ഡി) ഇതുവരെ എത്രപേർക്ക് വായ്പ നൽകി;

(ഇ) എത്രപേർ വായ്പയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്;

(എഫ്) വായ്പ നൽകുന്നതിന് എന്തു മുൻഗണനാക്രമമാണ് സ്വീകരിക്കുന്നത്;

(ജി) പെൻഷൻ പറ്റാൻ കുറച്ചു സർവീസുമാത്രം ബാക്കിയുള്ള ജീവനക്കാർക്ക് വായ്പ അനുവദിക്കുന്നതിൽ മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 23-5-1980-ൽ.

(ബി) 1,795 പേർ. ഷെയർ ഇനത്തിൽ 1,79,500 രൂപ പിരിഞ്ഞുകിട്ടി.

(സി) ആയിരം പേർക്ക് വായ്പ കൊടുക്കാമെന്നാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) വായ്പ അനുവദിച്ചുതുടങ്ങിയില്ല.

(ഇ) അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയിട്ടില്ല.

(എഫ് ആൻറ് ജി) ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

സ്റ്റേഷ്സ് പർചെയ്സ് ഡിപ്പാർട്ടുമെൻറുവഴി വാങ്ങുന്ന സാധനങ്ങൾ

890 [1646] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന പോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരുവർഷം എത്രകോടി രൂപയ്ക്കുള്ള സാധനങ്ങൾ സ്റ്റേഷ്സ് പർചെയ്സ് ഡിപ്പാർട്ടുമെൻറുവഴി ഗവൺമെൻറ് വാങ്ങുന്നുണ്ട്;

(ബി) അർദ്ധഗവൺമെൻറ് സ്ഥാപനങ്ങൾ എത്ര തുകയ്ക്കുള്ള സാധനങ്ങൾ കഴിഞ്ഞവർഷം വാങ്ങി?

ഉത്തരം

(എ) സ്റ്റേഷ്സ് പർചെയ്സ് ഡിപ്പാർട്ടുമെൻറ് നേരിട്ട് സാധനങ്ങൾ ഒന്നും വാങ്ങുന്നില്ല. സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കാവശ്യമുള്ള സാധനങ്ങൾ സ്റ്റേഷ്സ് പർചെയ്സ് നിയമങ്ങൾക്കുവിധേയമായി ടെണ്ടർ വിളിച്ചോ, റേറ്റ് കോൺട്രാക്ട് അനുസരിച്ചോ അതത് വകുപ്പുകൾ തന്നെ വാങ്ങിക്കുകയാണ് ചെയ്യുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly